Reg. No.: ..................................

Name : ..................................

GOVT. BRENNEN COLLEGE CENTRAL LIBRARY

K19U 0652

# IV Semester B.A. Degree (CBCSS-Reg.) Examination, April 2019
# COMPLEMENTARY COURSE IN MALAYALAM
## 4C 04 MAL : മലയാള സാഹിത്യ ചരിത്രം (ഭാഗം – 2)
## (2017 Admn. Only)

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1) മലയാളത്തിലെ പ്രധാന വിലാപകാവ്യങ്ങൾ പരിചയപ്പെടുത്തുക.

2) മലയാളത്തിലേക്ക് കാല്പനികതയെ കൈപിടിച്ചാനയിച്ച ഖണ്ഡകാവ്യങ്ങളാണ് കുമാരനാശാന്റേത്. പരിശോധിക്കുക.

3) മഹാകാവ്യലക്ഷണമെഴുതി മഹാകാവ്യപ്രസ്ഥാനത്തിന്റെ സവിശേഷതകൾ വിവരിക്കുക.

4) മലയാളസാഹിത്യത്തെ ജനകീയമാക്കിയത് വെണ്മണിക്കവികളാണ്. വിലയിരുത്തുക. **(2×7=14)**

II. **നൂറ്റമ്പതു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണത്തിന്** ഉത്തരമെഴുതുക.

5) കേരളവർമ്മ പ്രസ്ഥാനത്തിന്റെ പൊതുസ്വഭാവങ്ങൾ എഴുതുക.

6) തീവ്രമായ വിരഹവ്യഥ ആവിഷ്കരിക്കുന്ന വിലാപകാവ്യമാണ് 'ഒരു വിലാപം'. സമർത്ഥിക്കുക.

7) 'കേശവീയം' ലക്ഷണമൊത്ത മഹാകാവ്യമാണോ ? പരിശോധിക്കുക.

8) പച്ചമലയാളപ്രസ്ഥാനത്തിന്റെ സ്വഭാവം വിശദമാക്കുക.

9) മലയാളസാഹിത്യചരിത്രത്തിൽ 'മലയവിലാസ'ത്തിനുള്ള സ്ഥാനം നിർണ്ണയിക്കുക.

10) വിലാപകാവ്യങ്ങളുടെ സ്വഭാവം വിശദീകരിക്കുക. **(4×3=12)**

P.T.O.

III. നൂറു വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക.

11) 'നിറഞ്ഞ ചെന്താർമലർപോൽ ഭവിക്കിലും
കുഴന്തയാകാ കിഴവൻ ദിവാകരൻ' – വിശദീകരിക്കുക.

12) 'മാഹാത്മ്യമേറുന്നൊരതിങ്കലാശ
പലർക്കുമുണ്ടിങ്ങു വളർന്നിടുന്നു' – ഏതിൽ ? സന്ദർഭമെഴുതി വിശദീകരിക്കുക.

13) 'സാരാനർഘപ്രകാശപ്രചുരിമ പുരളും ദിവ്യരത്നങ്ങളേറെ –
പ്പാരാവാരത്തിനുള്ളിൽ പരമിരുൾനിറയും കന്ദരത്തിൽ കിടപ്പൂ;
ഘോരാരണ്യച്ചുഴൽക്കാറ്റടികളിലിളകും തൂമണം വ്യർത്ഥമാക്കു –
ന്നോരാപ്പൂവെത്രയുണ്ടാ, മവകളിലൊരുനാളൊന്നു കേളിപ്പെടുന്നൂ!'
– വ്യാഖ്യാനിക്കുക.

14) 'മഹീസുരന്മാർക്കപവാദമോതിയാൽ
സഹിക്കുമോ സാഹസവാക്കതീശ്വരൻ ?' – ക്ഷമ ചോദിക്കുന്നതാര് ?
കാരണമെന്ത് ?

15) ''വരാനിരിക്കുന്നതുകൂടിയോതും
വാക്കീവിധം കേവലമോർത്തിടാതെ
വദിച്ചു മോദാൽ വിരമിച്ചു ധന്യൻ;
വിധിക്കു വാഗ്ദേവി വിധേയയല്ലോ'' – സംഭവിച്ച വിധി എന്താണ് ?
വിശദമാക്കുക.

16) ''കെല്പൊടങ്ങയ്ക്കിതാരാണു
കല്പിച്ചതതു ചൊല്ലെടോ'' – എന്തിനെക്കുറിച്ചാണ് പരാമർശം ? സന്ദർഭം
വിശദമാക്കുക. **(4×2=8)**

IV. ഒറ്റവാക്കിലോ വാക്യത്തിലോ ഏതെങ്കിലും **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

17) 'ആംഗലസാമ്രാജ്യം' ആരെഴുതിയ മഹാകാവ്യമാണ് ?

18) 'വിശ്വദർശനം' എന്ന കാവ്യം രചിച്ചതാര് ?

19) 'കേശവീയ'ത്തിന്റെ ഇതിവൃത്തം സ്വീകരിച്ചത് ഏത് കൃതിയിൽ നിന്ന് ?

20) അഴകത്ത് പത്മനാഭക്കുറുപ്പ് രചിച്ച മഹാകാവ്യമേത് ?

21) കവികളെ മഹാഭാരതകഥാപാത്രങ്ങളാക്കിക്കൊണ്ട് കുഞ്ഞിക്കുട്ടൻ തമ്പുരാൻ
രചിച്ച കാവ്യമേത് ?

22) 'പാക്കനാർ' എന്ന പച്ചമലയാളകൃതി എഴുതിയതാര് ?

23) 'സദാലസൻ പാമ്പിനു സദ്യ നൽകുവോൻ' ആര് ?

24) 'ചാഞ്ചല്യമില്ലാത്തൊരു ചഞ്ചലാളി
കലർന്ന കാർകൊണ്ടൽകണക്കു മിന്നി' ഏത് കാവ്യത്തിലെ വരികൾ ? **(6×1=6)**

______________